**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1193** | **06.02.2020-ൽ മറുപടിക്ക്** |

**കോതമംഗലം രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | കോതമംഗലത്ത് നിർമ്മിക്കുന്ന പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വിശദമാക്കാമോ; | എ) | കോതമംഗലത്ത് നിർമ്മാണത്തിലിരിക്കുന്നത് കോതമംഗലം സബ് രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിടമാണ്. അതിന്റെ താഴത്തെ നിലയുടെ പില്ലർ, സ്ലാബ് എന്നിവ പൂർത്തീകരിച്ചു. രണ്ടാം നിലയുടെ പില്ലർ നിർമ്മാണം പുരോഗമിക്കുന്നു. |
| ബി) | എന്തെല്ലാം സൗകര്യങ്ങളാണ് പുതിയ രജിസ്ട്രേഷൻ കോംപ്ലക്സുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ; | ബി) | താഴത്തെ നിലയിൽ പ്രിൻസിപ്പൽ സബ് രജിസ്ട്രാർ, ജോയിന്റ് സബ് രജിസ്ട്രാർ എന്നിവർക്കുള്ള റൂം, ഓഫീസ് സ്റ്റാഫ് റൂം, ഓഡിറ്റ് & ലൈബ്രറി റൂം, വരാന്ത, സ്റ്റാഫ് ഡൈനിംഗ് റൂം, ശുചി മുറികൾ, വികലാംഗർക്ക് കയറി വരുന്നതിനുള്ള റാംമ്പ്, പൊതുജനങ്ങൾക്കുള്ള വെയിറ്റിംഗ് റൂം, ശുചിമുറികൾ എന്നിവയും രണ്ടാം നിലയിൽ റിക്കാർഡ് റൂം അതിന്റെ ടെറസ്സിന് ട്രസ്സ് വർക്കിനുള്ള ജി.ഐ.എസ് മേൽക്കൂരയും ഉൾപ്പെടുത്തിയാണ് കെട്ടിടം രൂപ കൽപ്പന ചെയ്തിട്ടുള്ളത്. |
| സി) | നിർമ്മാണ പ്രവൃത്തികൾ ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ; | സി) | നിർമ്മാണ പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത കോംപ്ലക്സ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ഡി) | 2020 മെയ് മാസത്തോടുകൂടി നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Shemas

സെക്ഷൻ ഓഫീസർ